Sectt. 3/45/2010/5 lakhs GPM. © Govt. of Kerala.

GOVERNMENT OF KERALA

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഖരമാലിന്യ പരിപാലന സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള സേവന ദാതാക്കളുടെ പട്ടിക വിപുലീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==============================================================

തദ്ദേശ സ്വയംഭരണ(ഡിസി) വകുപ്പ്

സ.ഉ.(സാധ)നം. 1491/2011/തസ്വഭവ. തീയതി, തിരുവനന്തപുരം, 22-6-2011

==============================================================

പരാമർശം:- 1) 11-8-2010-ലെ സ.ഉ.(സാധ)നം.2674/10/തസ്വഭവ.
2) ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 12-4-2011-ലെ എസ്.എം.( സി.2)191/08 നമ്പർ കത്ത്.

ഉത്തരവ്

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ഖരമാലിന്യ പരിപാലന സംവിധാനം ഏർപ്പെടുത്തുന്നതിന്, താഴെപ്പറയുന്ന ഏജൻസികളെ അവരുടെ പേരിനൊപ്പം ചേർത്തിരിക്കുന്ന സേവന മേഖലകളിൽ സേവന ദാതാക്കളായി നിശ്ചയിച്ച് സൂചന 1 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

| ക്രമ നം. | ഏജൻസിയുടെ പേരു | സർവ്വീസ് മേഖല |
|---|---|---|
| 1 | കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ്, കിസാൻ ജ്യോതി, ഫോർട്ട്, തിരുവനന്തപുരം-695 023. | സ്ഥാപനതലത്തിലും, സമൂഹ തലത്തിലുമുള്ള വെർമി കമ്പോസ്റ്റിംഗ്, വിൻഡ്രോ കമ്പോസ്റ്റിംഗ്, ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം. |
| 2 | സ്നേഹ, രജിസ്റ്റർ നം.311/02, പൂവ്വത്തിൽ ബിൽഡിംഗ്, തുറവൂർ പി.ഒ., ആലപ്പുഴ-688532 | വീടുകളിലും, സ്ഥാപനങ്ങളിലുമുള്ള വെർമി കമ്പോസ്റ്റിംഗ് പ്ലാന്റ് നിർമ്മാണം. |
| 3 | കോർ ഫൗണ്ടേഷൻ (കോർഡിനേഷൻ ഫോർ റൂറൽ ഡെവലപ്മെന്റ് ആന്റ് ടെക്നോളജി ഫൗണ്ടേഷൻ), പി.ബി.നം.28, അടൂർ പി.ഒ., പത്തനംതിട്ട- 691523. | സ്ഥാപന തലത്തിലും, സമൂഹതലത്തിലുമുള്ള വെർമി കമ്പോസ്റ്റിഗ്, ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം. |
| 4 | ടെക്നോ ഗ്രൂപ്പ്, വേസ്റ്റ് മാനേജ്മെന്റ് എഞ്ചിനീയറിംഗ് കൺസൾട്ടൻസ്, കല്യാൺ അപ്പാർട്ടുമെന്റ്സ്, VII/310 പാലസ് റോഡ് ആലുവ-683 101 | സ്ഥാപനതലത്തിലും സമൂഹതലത്തിലുമുള്ള (വേസ്റ്റ് പ്രോ മെഷീൻ കൂടാതെയുള്ള) കമ്പോസ്റ്റിംഗ് പ്ലാന്റ് നിർമ്മാണം |
| 5 | ജ്യോതി ബയോഗ്യാസ് ആന്റ് റൂറൽ സോഷ്യൽ സർവ്വീസ് സെന്റർ, ചെമ്പൂര്, രജിസ്റ്റർ നം. T-1050/99, ഒറ്റശേഖരമംഗലം പി.ഒ, തിരുവനന്തപുരം - 695 126. | സ്ഥാപനതലത്തിലും സമൂഹതലത്തിലുമുള്ള ബയോഗ്യാസ് പ്ലാന്റുകളുടെ നിർമ്മാണം |

| | | |
|---|---|---|
| 6 | ബയോടെക് പി.ബി.നം.520, എം.പി.അപ്പൻ റോഡ്, വഴുതക്കാട്, തൈയ്ക്കാട് പി.ഒ., തിരുവനന്തപുരം-695 014 | വീടുകളിലും സ്ഥാപനങ്ങളിലും സമൂഹതലത്തിലുമുള്ള ബയോഗ്യാസ് പ്ലാന്റുകളുടെ നിർമ്മാണം. |
| 7 | ദീപം ബയോഗ്യാസ് ഏജൻസി, അരുൺ ഭവൻ, നീറില്ല, പാരാപ്പൂർ, കാടാമ്പുഴ, മലപ്പുറം-676553 | സ്ഥാപനതലത്തിലും സമൂഹതലത്തിലുമുള്ള ബയോഗ്യാസ് പ്ലാന്റുകളുടെ നിർമ്മാണം |
| 8 | അനർട്ട്, (ഏജൻസി ഫോർ നോൺ കൺവെൻഷണൽ എനർജി ആന്റ് റൂറൽ ടെക്നോളജി (ANERT) , തൈക്കാട് തിരുവനന്തപുരം 695 014. | സ്ഥാപനതലത്തിലും സമൂഹതലത്തിലുമുള്ള ബയോഗ്യാസ് പ്ലാന്റുകളുടെ നിർമ്മാണം |
| 9 | ഹൈടെക് ബയോഫെർട്ടിലൈസേഴ്സ്, ഇന്ത്യ, 34/1841-ബി, ഇടപ്പള്ളി, എറണാകുളം-682 024 | വീടുകളിലും ഫ്ലാറ്റുകളിലുമുള്ള കമ്പോസ്റ്റിംഗ് പ്ലാന്റുകളുടെ നിർമ്മാണം |
| 10 | കെംട്രോൾസ് എഞ്ചിനീയറിംഗ് ലിമിറ്റഡ് അമർഹിൽ, സക്കി വിഹാർ റോഡ്, മുംബൈ-400072 | ബയോഗ്യാസും എയ്റോബിക് വിൻഡ്രോ കമ്പോസ്റ്റിംഗും പ്ലാന്റുകളുടെ നിർമ്മാണം |
| 11 | റാം ബയോളജിക്കൽസ്, 1/3442-1, സെക്കന്റ് ഫ്ലോർ, ഐശ്വര്യ മാൻഷൻ, വെസ്റ്റ് ഹിൽ, പി.ഒ., കോഴിക്കോട് - 673005 | സമൂഹതലത്തിലുള്ള കമ്പോസ്റ്റ് പ്ലാന്റുകളുടെ നിർമ്മാണം. |
| 12 | ഹൈക്യൂപ് എക്സ്പോർട്ട്സ് ലിമിറ്റഡ്, രജിസ്റ്റേഡ് ഓഫീസ് I-1-564/1/എ ഹൈക്യൂപ് ഹൈറ്റ്സ്, ഗാന്ധിനഗർ, ഹൈദ്രാബാദ്, ആന്ധ്ര പ്രദേശ് - 500 020. | സ്ഥാപനതലത്തിലും സമൂഹതലത്തിലുമുള്ള വിൻഡ്രോ കമ്പോസ്റ്റിംഗ് പ്ലാന്റ് നിർമ്മാണം |
| 13 | റോയൽ അസോസിയേറ്റ്സ്, പനമറ്റം പി.ഒ., കുരാലി, കോട്ടയം - 686 522 | വീടുകളിലും സ്ഥാപനതലത്തിലുമുള്ള ബയോഗ്യാസ് പ്ലാന്റുകളുടെ നിർമ്മാണം |
| 14 | വി ഹെൽപ്പ്, രജിസ്റ്റർ നം.കെ.57893, മണിമല, കോട്ടയം - 686 543. | വീടുകളിലുള്ള ബയോഗ്യാസ് പ്ലാന്റുകളുടെ നിർമ്മാണം |
| 15 | ബയോ എനർജി സിസ്റ്റം, ഗ്രെയ്സ് ബിൽഡിംഗ്, റൂം നമ്പർ-17/682-സി3, മാവൂർ റോഡ്, കോഴിക്കോട് | സ്ഥാപനതലത്തിലും സമൂഹതലത്തിലുമുള്ള ബയോഗ്യാസ് പ്ലാന്റുകളുടെ നിർമ്മാണം. |
| 16 | രാജഗിരി ഔട്ട് റീച്ച് സർവ്വീസ് സൊസൈറ്റി രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്, രാജഗിരി പി.ഒ., കളമശ്ശേരി, എറണാകുളം-6583 104 | സ്ഥാപനതലത്തിലും സമൂഹതലത്തിലുമുള്ള വെർമി കമ്പോസ്റ്റിംഗ് , ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം |
| 17 | റീജിയണൽ അഗ്രോ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ്സ് ഓഫ് കേരള ലിമിറ്റഡ് (റെയ്ഡ്കോ) ടി.എം.188 എ, എസ്.പി.സി.എ. റോഡ്, പി.ബി.നം.407, കണ്ണൂർ - 670002 | വീടുകളിലും സമൂഹതലത്തിലുമുള്ള ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം |
| 18 | ജയൻ ആന്റ് കമ്പനി, പട്ടണക്കാട് പി.ഒ., ചേർത്തല, ആലപ്പുഴ 688 531 | വീടുകളിലുള്ള ബയോഗ്യാസ് പ്ലാന്റുകളുടെ നിർമ്മാണം |

എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സേവനം നൽകാൻ താൽപര്യമുള്ള എല്ലാവരും പ്രസ്തുത ഉത്തരവിൽ ഉൾപ്പെട്ടിട്ടില്ലായെന്ന് കണ്ടതിനാൽ ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനപ്രകാരം ഈ മേഖലയിൽ സേവനം

നൽകുന്ന കൂടുതൽ ഏജൻസികളെ ഉൾപ്പെടുത്തുന്നതിലേക്കായി അപേക്ഷ ക്ഷണിക്കുകയും ഇതു പരിശോധിക്കുന്നതിലേക്കായി രൂപീകരിച്ച സാങ്കേതിക സമിതിയുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ, പുതുതായി 5 ഏജൻസികളെകൂടി സേവനദാതാക്കളായി നിശ്ചയിക്കണമെന്നും, സൂചന 1-ലെ സർക്കാർ ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടുള്ള 3 ഏജൻസികളെ പുതിയ മേഖലകളിൽ കൂടി സേവനദാതാക്കളായി നിശ്ചയിക്കണമെന്നും, ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ സൂചന 2 പ്രകാരം ശുപാർശ ചെയ്തിരുന്നു. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. താഴെപ്പറയുന്ന ഏജൻസികളെ അവയുടെ പേരിനൊപ്പമുള്ള മേഖലകളിൽ സേവനദാതാക്കളായി നിശ്ചയിച്ച് ഉത്തരവാകുന്നു.

| ക്രമ നം. | ഏജൻസിയുടെ പേരു | പ്രവർത്തന മേഖല |
|---|---|---|
| 1 | സൊസൈറ്റി ഫോർ റെന്യൂവബിൾ എനർജി ലിമിറ്റഡ്, വാഴക്കുളം, ആലുവ, എറണാകുളം | ഗാർഹിക തല ബയോഗ്യാസ് പ്ലാന്റ് |
| 2 | നോൺ കൺവൻഷണൽ എനർജി ആന്റ് എക്കോ ഡെവലപ്മെന്റ് സൊസൈറ്റി, മീനങ്ങാടി പി.ഒ., വയനാട് 673 596 | ഗാർഹിക തലത്തിലും സ്ഥാപനതലത്തിലുമുള്ള ബയോഗ്യാസ് പ്ലാന്റ് |
| 3 | സോഷ്യൽ ആന്റ് എൻവിറോൺമെന്റ് എഡ്യൂക്കേഷണൽ സൊസൈറ്റി, എൻ.എച്ച്. റോഡ് കരമന ജംഗ്ഷൻ തിരുവനന്തപുരം 696 102 | ഗാർഹിക തലത്തിലും സ്ഥാപനതലത്തിലുമുള്ള ബയോഗ്യാസ് പ്ലാന്റ് |
| 4 | ബയോഗ്യാസ് ടെക്ക് ചാരിറ്റബിൾ സൊസൈറ്റി, ഫസ്റ്റ് ഫ്ലോർ റൂം നം.42, റവന്യു ടവർ, അടൂർ - 691 523 | ഗാർഹിക തലത്തിലും സ്ഥാപനതലത്തിലും ഉള്ള ബയോഗ്യാസ് പ്ലാന്റും, ഗാർഹിക തലത്തിലുള്ള വെർമി കമ്പോസ്റ്റിംഗ് പ്ലാന്റും. |
| 5 | സെന്റർ ഫോർ എൻവയോൺമെന്റ് എജ്യുക്കേഷൻ, കണ്ണൂർ ഫീൽഡ് ഓഫീസ്, ഓം നിവാസ് നം.404, അമ്പിക റോഡ്, പള്ളിക്കുന്ന, കണ്ണൂർ. 670 004 | ഗ്രാമപഞ്ചായത്ത് തലത്തിൽ ഖരമാലിന്യപരിപാലനത്തിനുള്ള ഇന്റഗ്രേറ്റഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ, നിർവ്വഹണം |

കൂടാതെ താഴെപ്പറയുന്ന ഏജൻസികളെ സൂചന 1-ലെ സർക്കാർ ഉത്തരവ് പ്രകാരം സേവനദാതാക്കളായി നിശ്ചയിച്ചിരുന്ന സേവന മേഖലകൾക്ക് പുറമേ അവയുടെ പേരിനൊപ്പം ചേർത്തിരിക്കുന്ന സേവനമേഖലകളിൽക്കൂടി സേവനദാതാക്കളായി നിശ്ചയിച്ചും ഉത്തരവാകുന്നു.

| ക്രമ നം. | ഏജൻസിയുടെ പേരു | പ്രവർത്തന മേഖല |
|---|---|---|
| 1 | ദീപം ബയോഗ്യാസ് ഏജൻസി, അരുൺ ഭവൻ, നീറില്ല, പാറാപ്പൂർ, കാടാമ്പുഴ, മലപ്പുറം-676 553 | ഗാർഹികതലത്തിലുള്ള ബയോഗ്യാസ് പ്ലാന്റ്. |
| 2 | റാം ബയോളജിക്കൽസ്, 1/344-1സെക്കൻഡ് ഫ്ലോർ ഐശ്വര്യ മാൻഷൻ വെസ്റ്റ് ഹിൽ പി.ഒ., കോഴിക്കോട് - 673 005 | ഗാർഹിക തലത്തിലും സ്ഥാപനതലത്തിലുമുള്ള ബയോഗ്യാസ് പ്ലാന്റ് |
| 3 | റോയൽ അസോസിയേറ്റ്സ് പനവട്ടം പി.ഒ., കുരാളി, കോട്ടയം 686 522 | ഗാർഹിക-സ്ഥാപന -സമൂഹതലത്തിലുള്ള ബയോഗ്യാസ് പ്ലാന്റ് |

സേവനദാതാക്കളായി നിയോഗിക്കപ്പെട്ടിരിക്കുന്ന മേൽ ഏജൻസികൾ ചുവടെ ചേർത്തിരിക്കുന്ന നിബന്ധനകൾ കർശനമായി പാലിക്കേണ്ടതാണ്.

1. ഓരോ ഏജൻസിയും അവരവരുടെ പേരിനോടൊപ്പം നിർദ്ദേശിച്ചിട്ടുള്ള സർവ്വീസ് മേഖലയിലുള്ള സേവനങ്ങൾ നൽകുന്നതിന് മാത്രമാണ് നിയോഗിക്കപ്പെട്ടിട്ടുള്ളത്.
2. ഈ മേഖലയിൽ നിലവിലുള്ളതും കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്നതുമായ സർക്കാർ ഉത്തരവുകളും മാർഗ്ഗ നിർദ്ദേശങ്ങളും പാലിക്കുന്നതിനും സർവ്വീസ് പ്രൊവൈഡർമാർക്ക് ബാധ്യതയുണ്ടായിരിക്കുന്നതാണ്.
3. സർക്കാർ നിജപ്പെടുത്തിയിട്ടുള്ള സ്പെസിഫിക്കേഷൻ, സ്റ്റാൻഡേർഡ്, യൂണിറ്റ് കോസ്റ്റ്, പ്രവൃത്തി പരിപാലന പ്രോട്ടോക്കോൾ ഇവ അനുസരിച്ച് മാത്രമേ പ്ലാന്റ് സ്ഥാപിക്കുന്നതിനും പ്രവൃത്തി പരിപാലനം നടത്തുന്നതിനും വ്യവസ്ഥ ഉണ്ടായിരിക്കുകയുള്ളു. ഇതിൽ വീഴ്ച വരുത്തുന്ന ഏജൻസികളിൽ നിന്നും ശുചിത്വമിഷനോ സർക്കാർ നിർദ്ദേശിക്കുന്ന കമ്മിറ്റിയോ നിർണ്ണയിക്കുന്ന നഷ്ടപരിഹാരം വസൂലാക്കുന്നതാണ്. ഇക്കാര്യം തദ്ദേശ സ്വയംഭരണ സ്ഥാപനവും ഏജൻസിയുമായി ഏർപ്പെടുന്ന കരാറിൽ ചേർക്കേണ്ടതാണ്.
4. എല്ലാ വർഷവും സേവനം നൽകിയ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ലിസ്റ്റ് തുടർന്നും സേവനദാതാക്കൾ ശുചിത്വമിഷന് സമർപ്പിക്കേണ്ടതാണ്.
5. സേവനദാതാക്കളുടെ കാലാവധി സൂചന 1-ലെ ഉത്തരവ് തീയതി മുതൽ മൂന്ന് വർഷമായിരിക്കും. അതിനുശേഷം യോഗ്യത പുനർ നിർണയത്തിന്റെ അടിസ്ഥാനത്തിൽ അംഗീകാരം പുതുക്കി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.
6. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഖരമാലിന്യ പരിപാലന പദ്ധതി തയ്യാറാക്കുമ്പോൾ സർക്കാർ അംഗീകരിച്ച അക്രഡിറ്റഡ് ഏജൻസികൾക്കും അംഗീകൃത സർവ്വീസ് പ്രൈവൈഡർമാർക്കും തങ്ങളുടെ ഓഫർ നൽകാൻ അവസരം നൽകുന്ന തരത്തിൽ ലിസ്റ്റിലുള്ള എല്ലാവർക്കും രേഖാമൂലമുള്ള അറിയിപ്പുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകേണ്ടതാണ്.
7. സേവനദാതാക്കളെക്കുറിച്ച് ഏതെങ്കിലും തരത്തിലുള്ള പരാതികൾ രേഖാമൂലമോ അല്ലെങ്കിൽ നേരിട്ടോ, ഗവൺമെന്റിലോ, ശുചിത്വമിഷനിലോ ലഭ്യമായാൽ അവ പരിശോധിച്ച് ശരിയാണെന്ന് ബോദ്ധ്യപ്പെടുന്ന പക്ഷം നോട്ടീസ് കൂടാതെ തന്നെ അത്തരം സേവനദാതാക്കളെ ലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നതാണ്.
8. 1-3-2011-ലെ 73/2011/തസ്വഭവ നമ്പരിലെ സർക്കാർ ഉത്തരവിൽ അനുശാസിക്കുന്ന സാങ്കേതിക വിദ്യകളും അനുബന്ധ സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സേവന ദാതാക്കൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കേണ്ടതാണ്. കൂടുതൽ മൂലധന ചെലവും വൈദ്യുതി ഉപയോഗവും ആവശ്യമുള്ള മെഷീനറികൾ (വേസ്റ്റ് പ്രോ തുടങ്ങിയവ) ഒഴിവാക്കേണ്ടതാണ്. ഏതെങ്കിലും പ്രത്യേക സാഹചര്യത്തിൽ

അതിന്റെ കാര്യക്ഷമത, ഉപയോഗം, മൂലധന ചെലവ്, പ്രവൃത്തി പരിപാലന ചെലവ്, എന്നിവ സർക്കാർ നിയോഗിക്കുന്ന ഒരു സാങ്കേതിക സമിതി പരിശോധിച്ച് ശുപാർശ ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ മാത്രമേ സേവന ദാതാക്കൾ അവ സ്ഥാപിക്കാൻ പാടുള്ളൂ. ഈ നിബന്ധന നിർബന്ധമായും പാലിക്കപ്പെടേണ്ടതും വീഴ്ച വരുത്തുന്ന സേവന ദാതാക്കളിൽ നിന്നും അതിന്റെ മൂലധന ചെലവും പിഴയും ഈടാക്കുന്നതുമാണ്

ഗവർണറുടെ ഉത്തരവിൻപ്രകാരം
പി.ശ്യാമള,
അഡീഷണൽ സെക്രട്ടറി.

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
(ബന്ധപ്പെട്ടവർക്ക് പകർപ്പ് ലഭ്യമാക്കേണ്ടതാണ്)
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (എല്ലാ നഗരസഭകൾക്കും പകർപ്പ് ലഭ്യമാക്കേണ്ടതാണ്)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (എല്ലാ പഞ്ചായത്തുകൾക്കും പകർപ്പ് ലഭ്യമാക്കേണ്ടതാണ്)
റൂറൽ ഡെവലപ്മെന്റ് കമ്മീഷണർ, തിരുവനന്തപുരം (എല്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്കും പകർപ്പ് ലഭ്യമാക്കേണ്ടതാണ്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം അയക്കുന്നത്,
സെക്ഷൻ ഓഫീസർ.